Kerala Domestic Solar Prosumers Community

*Solar Energy For a Sustainable Tomorrow*

# കേരള ഡൊമസ്റ്റിക് സോളാർ പ്രൊസ്യുമേഴ്സ് കമ്മ്യൂണിറ്റി (KDSPC)

## പ്രമേയം (Resolution)

**കൊച്ചി 2026 മേയ് 24**

**ആമുഖം (Introduction)**

കേരളത്തിലെ സൗരോർജ്ജ ഉപഭോക്താക്കൾ (Prosumers), പുനരുപയോഗ ഊർജ്ജ അനുകൂലികൾ, ഉപഭോക്തൃ അവകാശ പ്രതിനിധികൾ, കേരളത്തിന്റെ ഹരിത ഊർജ്ജ ഭാവിക്കായി നിലകൊള്ളുന്ന പൗരന്മാർ എന്നിവരെ പ്രതിനിധീകരിക്കുന്ന **കേരള ഡൊമസ്റ്റിക് സോളാർ പ്രൊസ്യൂമേഴ്സ് കമ്മ്യൂണിറ്റി (KDSPC),** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ (KSEBL) സമഗ്രമായ പരിവർത്തനത്തിനായുള്ള ഒരു തന്ത്രപ്രധാന മാർഗ്ഗരേഖയായി ഈ പ്രമേയം സമർപ്പിക്കുന്നു.

ഒരു വിജയകരമായ ആധുനിക യൂട്ടിലിറ്റിയുടെ നാല് പ്രധാന സവിശേഷതകൾ ഇവയാണ്:

1. വൈവിധ്യമാർന്നതും, വലിയ സാമ്പത്തിക ബാധ്യതകൾ ഇല്ലാത്തതുമായ പദ്ധതി സമാഹാര പരിപാലനം (Asset-Light Portfolio Management)
2. ബൃഹത്തായ വിവരശേഖരണത്തിലും (Big Data) ഡിജിറ്റൽ ബുദ്ധിശക്തിയിലും (Digital Intelligence) ഉള്ള നൈപുണ്യം.
3. ഉപഭോക്തൃ സൗഹൃദ ഓട്ടോമേഷനും ഡിജിറ്റൽ ആപ്ലിക്കേഷനുകളും.
4. ഉപഭോക്താക്കളുമായി കെട്ടിപ്പടുക്കുന്ന വിശ്വസ്തതയിലൂന്നിയ ആഴത്തിലുള്ള ബന്ധം.

ഡൽഹിയിലെ സ്വകാര്യവൽക്കരണ മാതൃക, ഗുജറാത്തിന്റെ പൊതുമേഖലാ പരിഷ്കരണ മാതൃക, ഒഡീഷയിലെ ആദ്യകാല സ്വകാര്യവൽക്കരണ പരാജയങ്ങളിൽ നിന്നുള്ള പാഠങ്ങൾ എന്നിവയും ഈ പ്രമേയം രൂപീകരിക്കുന്നതിൽ ഉൾക്കൊണ്ടിട്ടുണ്ട്.

KSEBL സാങ്കേതികമായി മികച്ചൊരു ഡിസ്കോം (DISCOM) ആണ് — 7.55% എന്ന കുറഞ്ഞ AT&C നഷ്ടം, 'A+' സേവന റേറ്റിംഗ്, 1.38 കോടി ഉപഭോക്താക്കൾ എന്നിവ അതിന്റെ കരുത്താണ്. എന്നിരുന്നാലും, ബോർഡിന്റെ സാമ്പത്തിക ഭദ്രത വളരെ ദുർബലമാണ്: ₹33,654 കോടിയുടെ നെഗറ്റീവ് അറ്റമൂല്യം (അതായത് കൈവശമുള്ള ഭൗതിക ആസ്തികളെക്കാൾ വലിയ കടബാധ്യത), ₹17,620 കോടിയുടെ കടം, പിരിച്ചെടുക്കാൻ കഴിയാത്ത ₹6,408 കോടിയുടെ റെഗുലേറ്ററി അസറ്റുകൾ എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ഇനി പഴയപടി തുടരാനാകില്ല.

**പ്രസ്താവനകൾ (Recitals)**

- **ആഗോള മാറ്റങ്ങൾ (Global Disruption):** കാർബൺ വിമുക്തമാക്കൽ, വികേന്ദ്രീകൃത ഊർജ്ജ സ്രോതസ്സുകൾ, പ്രൊസ്യുമർമാരുടെ വളർച്ച, പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി ആഗോള വൈദ്യുതി മേഖല വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. പരമ്പരാഗത വിതരണ കമ്പനികൾ കേവലം ഒരു 'ബാക്കപ്പ്' സംവിധാനം മാത്രമായി മാറാതിരിക്കാൻ KSEBL സമയബന്ധിതമായി മാറേണ്ടതുണ്ട്.
- **കേരളത്തിന്റെ സാഹചര്യം (Kerala Context):** KSEBL-ന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി (₹33,654 കോടിയുടെ നെഗറ്റീവ് അറ്റമൂല്യം, ₹17,620 കോടിയുടെ കടബാധ്യത, ₹6,408 കോടിയുടെ റെഗുലേറ്ററി അസറ്റുകൾ) പരിഹരിക്കാൻ അടിയന്തിരവും വ്യവസ്ഥാപിതവുമായ മാറ്റങ്ങൾ അനിവാര്യമാണ്.
- **തന്ത്രപ്രധാനമായ അനിവാര്യത (Strategic Imperative):** കെ.എസ്.ഇ.ബിക്ക് കൃത്യമായ തന്ത്രപ്രധാനമായ ഒരു ദിശാബോധം ആവശ്യമാണ്. കേരളത്തിലെ മൂന്ന് ലക്ഷത്തിലധികം വരുന്ന റൂഫ്ടോപ്പ് സോളാർ ഉപഭോക്താക്കളെ വെറും ലോഡ് പോയിന്റുകളായി കാണാതെ, അവരെ വികേന്ദ്രീകൃത ഊർജ്ജ ആസ്തികളായി (Distributed Energy Assets) കണ്ട് ഒരു യഥാർത്ഥ പ്രൊസ്യൂമർ പങ്കാളിത്തം കെട്ടിപ്പടുക്കാൻ KSEBL തയ്യാറാകേണ്ടതുണ്ട്.

# കെ.എസ്.ഇ.ബി. പുനരുദ്ധാരണ പ്രമേയം

**(NOW, THEREFORE, BE IT RESOLVED)**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ (KSEBL) തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി താഴെ പറയുന്ന നാല് തന്ത്രപ്രധാന മേഖലകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ പരിവർത്തന പദ്ധതി അടിയന്തിരമായി നടപ്പിലാക്കണമെന്ന് ഈ പൊതുസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കുന്നു:

**1. പദ്ധതി സമാഹാര പരിപാലനം (Asset-Light Portfolio Management)**

- വലിയ തുക മുടക്കി സ്വന്തമായി ആസ്തികൾ നിർമ്മിക്കുന്നതിന് പകരം, കേന്ദ്ര ഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിന്റെ പിന്തുണയോടെ PPP മാതൃകയിൽ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റങ്ങളും (BESS) പമ്പ്ഡ് സ്റ്റോറേജുകളും സ്ഥാപിക്കുക.
- നിശ്ചിത താരിഫിൽ സുരക്ഷിതമായ വൈദ്യുതി ലഭ്യമാക്കുന്ന FDRE (Firm and Dispatchable Renewable Energy) ടെൻഡറുകൾ വഴി ഊർജ്ജം സംഭരിക്കുക.
- 100 kW-ന് മുകളിൽ കണക്റ്റഡ് ലോഡ് ഉള്ള വൻകിട ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി മറ്റ് കമ്പനികളിലേക്ക് പോകാതിരിക്കാൻ, അവർക്ക് മത്സരബുദ്ധിയോടെ ഗ്രീൻ പവർ നൽകാനായി **KSEB ഗ്രീൻ എനർജി സൊല്യൂഷൻസ് (KGES)** എന്ന പേരിൽ ഒരു പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി രൂപീകരിക്കുക.
- ഈ സബ്സിഡിയറി വഴി സ്വകാര്യ ഡെവലപ്പർമാരുമായി ദീർഘകാല കരാറുകളിൽ ഏർപ്പെടുകയും, KSEBL ശൃംഖലയിലൂടെ വൈദ്യുതി കടത്തിവിട്ട് ബോർഡിന്റെ വീലിംഗ് വരുമാനം സംരക്ഷിക്കുകയും ചെയ്യുക.
- കേരളത്തിലെ മൂന്ന് ലക്ഷത്തിലധികം വരുന്ന റൂഫ്ടോപ്പ് സോളാർ പ്രൊസ്യൂമർമാരെയും ഇലക്ട്രിക് വാഹനങ്ങളെയും 'വെർച്വൽ പവർ പ്ലാന്റ്' (VPP) സംവിധാനത്തിലൂടെ സംയോജിപ്പിച്ചു വാണിജ്യപരമായി ഉപയോഗപ്പെടുത്തുക.

**2. ബൃഹത്തായ വിവരശേഖരണവും സ്മാർട്ട് മീറ്ററിംഗും (Big Data and Smart Metering)**

- 1.38 കോടി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നത് ബോർഡിന്റെ വാണിജ്യപരമായ പരിവർത്തനത്തിനുള്ള ഏറ്റവും വലിയ മുൻഗണനയായി കാണുക. BOOT (Build-Own-Operate-Transfer) മാതൃകയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഇത് നടപ്പാക്കുക വഴി ₹3,000 - ₹5,000 കോടിയുടെ പ്രാരംഭ മൂലധനച്ചെലവ് ഒഴിവാക്കാം.
- ഡിമാൻഡ് ഫോർകാസ്റ്റിംഗ്, വൈദ്യുതി ചോർച്ച കണ്ടെത്തൽ, മികച്ച താരിഫ് രൂപീകരണം എന്നിവയ്ക്കായി ഒരു 'എനർജി ഡാറ്റാ പ്ലാറ്റ്ഫോം' സ്ഥാപിക്കുക.
- ഉപഭോക്താക്കളുടെ സ്വകാര്യത സംരക്ഷിച്ചുകൊണ്ടുള്ള ഡാറ്റ, അംഗീകൃത തേർഡ് പാർട്ടി ഡെവലപ്പർമാർക്ക് ലഭ്യമാക്കുക വഴി ഹോം എനർജി മാനേജ്മെന്റ്, ഇവി സ്മാർട്ട് ചാർജിംഗ് ആപ്ലിക്കേഷനുകൾ എന്നിവ വികസിപ്പിക്കാൻ അവസരമൊരുക്കുക.
- ഉപഭോക്താക്കളുടെ ഊർജ്ജ ഉപയോഗ ചരിത്രം വിശകലനം ചെയ്ത് അവർക്ക് അനുയോജ്യമായ താരിഫുകൾ, വ്യക്തിഗത നിർദ്ദേശങ്ങൾ, തടസ്സങ്ങൾ മുൻകൂട്ടി അറിയിക്കുന്ന സംവിധാനങ്ങൾ എന്നിവ KSEBL വികസിപ്പിക്കുക.

**3. ഉപഭോക്തൃ ഡിജിറ്റൽ പരിവർത്തനവും ഓട്ടോമേഷനും (Digital Applications and Automation)**

- മികച്ച സാങ്കേതിക പങ്കാളിത്തത്തോടെ ഒരു 'കൺസ്യൂമർ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം' നടപ്പിലാക്കുക. ഇതിലൂടെ തത്സമയ വൈദ്യുതി ഉപയോഗം, സോളാർ ഉൽപ്പാദനം, ഇവി ചാർജിംഗ് നില എന്നിവയടങ്ങുന്ന, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള AI അധിഷ്ഠിത മൊബൈൽ ആപ്പ് ലഭ്യമാക്കുക.
- തത്സമയ പവർ കട്ട് അറിയിപ്പ് സംവിധാനവും, കൃത്യമായ നഷ്ടപരിഹാരം ഉറപ്പാക്കുന്ന നിയമപരമായ ഉപഭോക്തൃ ചാർട്ടറും നടപ്പിലാക്കുക.
- ഉപഭോക്താക്കൾക്ക് തങ്ങളുടെ സ്മാർട്ട് ഉപകരണങ്ങൾ തിരക്കില്ലാത്ത സമയങ്ങളിലേക്ക് (Off-peak hours) മാറ്റി പ്രവർത്തിപ്പിക്കാൻ സഹായിക്കുന്ന **ഓട്ടോമേറ്റഡ് ഡിമാൻഡ് റെസ്പോൺസ് (ADR)** പ്ലാറ്റ്ഫോം സ്ഥാപിക്കുക. ഇത് ബില്ലുകൾ കുറയ്ക്കാനും ഗ്രിഡ് സുരക്ഷിതമാക്കാനും സഹായിക്കും.
- ഇലക്ട്രിക് വാഹനങ്ങൾ രാത്രികാലങ്ങളിൽ (വൈദ്യുതി ലഭ്യത കൂടുതലുള്ള സമയം) സ്മാർട്ട് ചാർജിംഗ് ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രിഡ് ബാലൻസിങ് സാധ്യമാക്കുക.

- എല്ലാ ഡിജിറ്റൽ പ്രോഗ്രാമുകളും കൃത്യമായ KPI (Key Performance Indicators) അടിസ്ഥാനമാക്കി മാത്രം വിലയിരുത്തുക.

**4. വിശ്വസ്തതയിലൂന്നിയ ഉപഭോക്തൃ ബന്ധം (Trust-Based Customer Relationships)**

- 1.38 കോടി ഉപഭോക്താക്കളുമായുള്ള ബന്ധമാണ് തങ്ങളുടെ ഏറ്റവും വലിയ ആസ്തിയെന്ന നയം KSEBL ഔദ്യോഗികമായി അംഗീകരിക്കുക : ബോർഡ് തലത്തിൽ ഒരു 'ചീഫ് കൺസ്യൂമർ ഓഫീസറെ' നിയമിക്കുക; വാർഷിക കൺസ്യൂമർ ട്രസ്റ്റ് ഇൻഡക്സ് പരസ്യപ്പെടുത്തുകയും അത് സി.എം.ഡിയുടെ പ്രകടന വിലയിരുത്തലുമായി ബന്ധിപ്പിക്കുകയും ചെയ്യുക; ജീവനക്കാർക്ക് 'പെർഫോമൻസ് ലിങ്ക്ഡ് അക്കൗണ്ടബിലിറ്റി ഫ്രെയിംവർക്ക്' (PLAF) നടപ്പാക്കുക.
- സോളാർ പ്രൊസ്യൂമർമാർക്കായി തത്സമയ വിവരങ്ങൾ അടങ്ങിയ ഒരു **'കേരള സോളാർ പ്രൊസ്യൂമർ രജിസ്ട്രി'** കെട്ടിപ്പടുക്കുകയും അത് KSEBL ആപ്പിൽ ലഭ്യമാക്കുകയും ചെയ്യുക.
- സ്വന്തമായി ബാറ്ററി സ്റ്റോറേജ് (BESS) സ്ഥാപിക്കുന്ന പ്രൊസ്യൂമർമാർക്ക് മെച്ചപ്പെട്ട ബാങ്കിംഗ് വ്യവസ്ഥകൾ നൽകുന്ന 'സോളാർ കമ്മ്യൂണിറ്റി താരിഫ്' അവതരിപ്പിക്കുക.
- യാതൊരു കാരണവശാലും സാധാരണക്കാരായ ഗാർഹിക-കാർഷിക ഉപഭോക്താക്കളുടെ സേവന ഗുണനിലവാരം കുറയാൻ പാടില്ല; എല്ലാ PPP കരാറുകളിലും KSERC-യുടെ മേൽനോട്ടത്തിലുള്ള ഉപഭോക്തൃ സംരക്ഷണ വ്യവസ്ഥകൾ ഉണ്ടായിരിക്കണം.

## ആഹ്വാനം (Call to Action)

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയും KSEBL ബോർഡും ഈ പ്രമേയത്തെ ഒരു പൗര-സമൂഹ നിർദ്ദേശമായി സ്വീകരിക്കണമെന്നും, എല്ലാ പങ്കാളികളെയും ഉൾപ്പെടുത്തി ഒരു **'ട്രാൻസ്ഫോർമേഷൻ സ്റ്റിയറിംഗ് കമ്മിറ്റി'** രൂപീകരിക്കണമെന്നും KDSPC അഭ്യർത്ഥിക്കുന്നു. താരിഫ് ഹിയറിംഗുകളിലും റെഗുലേറ്ററി ചർച്ചകളിലും നിരന്തരം ഇടപെട്ടുകൊണ്ട് ഈ ലക്ഷ്യങ്ങൾക്കായി സജീവമായി നിലകൊള്ളാൻ പ്രൊസ്യൂമർ സമൂഹത്തോട് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

നാം വെറും നിഷ്ക്രിയരായ ഉപഭോക്താക്കളല്ല. നമ്മൾ ഈ മേഖലയിലെ നിക്ഷേപകരും, ബോധമുള്ള പൗരന്മാരും, കേരളത്തിന്റെ ഹരിത ഊർജ്ജ ഭാവിയുടെ പങ്കാളികളുമാണ്.

2026 മേയ് 24-ാം തീയതി ഞായറാഴ്ച കൊച്ചിയിൽ ചേർന്ന പ്രഥമ സൗഹൃദ സംഗമത്തിൽ (Solar Summit), കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി പങ്കെടുത്ത 170 സോളാർ പ്രൊസ്യൂമർമാർ ഉൾപ്പെടുന്ന പൊതുസഭ ഐകകണ്ഠ്യേന പാസ്സാക്കിയത്.

**കേരള ഡൊമസ്റ്റിക് സോളാർ പ്രൊസ്യൂമേഴ്സ് കമ്മ്യൂണിറ്റി (KDSPC)**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക (For Media Inquiries):**
**ജയിംസ് കുട്ടി തോമസ് (Jameskutty Thomas) കോർഡിനേറ്റർ.**
**ഫോൺ:- 7012204187, ഇമെയിൽ: keraladspc@gmail.com**

KDSPC
Solar Energy for a Sustainable Tomorrow